**പതിനഞ്ചാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2026 ജനുവരി 28, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

7 (*31) സംരംഭകത്വ പ്രോത്സാഹനം

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) നൽകിയ മറുപടിയിൽ, സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ മേഖലയിൽ ഉൽപാദനവും തൊഴിലും വർധിപ്പിക്കുന്നതിനും പുതിയ സംരംഭങ്ങളുടെ രൂപീകരണത്തിനും വളർച്ചയ്ക്കുമനുയോജ്യമായ മികച്ച വ്യവസായാന്തരീക്ഷം (എക്കോസിസ്റ്റം) സൃഷ്ടിക്കുന്നതിനും വ്യവസായ വകുപ്പ് വിവിധ പദ്ധതികൾ നടപ്പാക്കുന്നുണ്ടെന്നും വ്യവസായരംഗത്ത് കാലോചിതമായ മാറ്റംകൊണ്ടുവരുന്നതിന്റെയും സംരംഭങ്ങൾ തുടങ്ങാൻ കൂടുതൽ മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെയും ഭാഗമായി വ്യവസായ നയം, 2023 രൂപീകരിച്ചിട്ടുണ്ടെന്നും അതിന്റെ തുടർച്ചയായി പ്രഖ്യാപിച്ച ഉപമേഖലാ നയങ്ങളും ചട്ടക്കൂടുകളും സംസ്ഥാനത്തെ വ്യവസായ സൗഹൃദാന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്താൻ സഹായകമായിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സംരംഭകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനും സംശയങ്ങൾ ദൂരീകരിക്കാനും ഉപദേശങ്ങൾ നൽകാനുമായി വിവിധ മേഖലകളിലെ വിദഗ്ധരെ ഉൾപ്പെടുത്തി എല്ലാ ജില്ലകളിലും എം.എസ്.എം.ഇ. ക്ലിനിക്കുകൾ രൂപീകരിച്ചിട്ടുണ്ട്. സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി

2022 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെ സംസ്ഥാനത്ത് 3,53,127 പുതിയ സംരംഭങ്ങൾ രജിസ്റ്റർ ചെയ്യുകയും 22688.47 കോടി രൂപയുടെ നിക്ഷേപവും 7,49,712 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ ഭാഗമായി കേരളത്തിലെ ഓരോ പഞ്ചായത്തിലും ശരാശരി 250-ൽപരം സംരംഭങ്ങൾ ആരംഭിച്ചെന്നും പുതിയ സംരംഭങ്ങളുടെയും പ്രവർത്തിച്ചുവരുന്ന സംരംഭങ്ങളുടെയും പ്രതിനിധികളുടെ ഒരു യോഗം (സംരംഭകസഭ) 2024-25 സാമ്പത്തിക വർഷം നടത്തിയിട്ടുണ്ടെന്നും സംരംഭകത്വ പ്രോത്സാഹനത്തിന്റെ ഭാഗമായി ബാംബൂ ഫെസ്റ്റ്, കാഷ്യൂ കോൺക്ലേവ്, കയർ കോൺക്ലേവ് എന്നിവ സംഘടിപ്പിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കേരളത്തെ വ്യവസായസൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന്റെ ഭാഗമായി 2025 ഫെബ്രുവരിയിൽ എറണാകുളത്തുവച്ച് സംഘടിപ്പിച്ച ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് (ഐ.കെ.ജി.എസ്.)ൽ ലഭിച്ച നിക്ഷേപ താൽപര്യപത്രങ്ങൾ നിക്ഷേപ മൂലധനത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് DIC, KSIDC, KINFRA എന്നീ ഏജൻസികളിലൂടെ തുടർനടപടി സ്വീകരിക്കുന്നുണ്ട്. 2026 ജനുവരി 19 മുതൽ 23 വരെ ദാവോസിൽ നടന്ന ലോക സാമ്പത്തിക ഫോറത്തിൽവച്ച് വ്യവസായ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലുള്ള കേരളസംഘം അമേരിക്ക, യു.കെ., ജർമ്മനി, സ്പെയിൻ, ഇറ്റലി, ദക്ഷിണാഫ്രിക്ക തുടങ്ങിയ രാജ്യങ്ങളിൽനിന്നുള്ള 27 കമ്പനികളുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. സംസ്ഥാനത്തിന്റെ 75-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി വിഴിഞ്ഞം ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോർ, കോട്ടയം മെഗാ ഇൻഡസ്ട്രിയൽ സിറ്റി, കണ്ണൂർ-കാസർഗോഡ് വ്യവസായ ഇടനാഴി, തീംബേസ്ഡ് പാർക്കുകൾ, വിമാനത്താവള അധിഷ്ഠിത വികസനം, വനിതാസംരംഭകർക്കുള്ള വ്യവസായ പാർക്ക്, സ്കിൽ ഡെവലപ്മെന്റ് യൂണിവേഴ്സിറ്റി, ഗ്ലോബൽ

കാപ്പബിലിറ്റി സെന്ററുകൾ, ഇൻഡസ്ട്രിയൽ ടൗൺഷിപ്പ്, 50-60 ലക്ഷം രൂപ ടേണോവറുള്ള ഒരു ലക്ഷം സംരംഭങ്ങളെ ഒരു കോടി രൂപ ടേണോവറുള്ള സംരംഭമായി മാറ്റാനുള്ള Mission One lakh തുടങ്ങി വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുകയാണെന്ന് മന്ത്രി അറിയിച്ചു. വ്യവസായ സംരംഭങ്ങൾക്ക് തടസ്സരഹിതമായി വൈദ്യുതി ലഭ്യമാക്കുന്നതിൽ കേരളം ഒന്നാം സ്ഥാനത്താണ്. അദാനി ലോജിസ്റ്റിക്സ് പാർക്കിന്റെ നിർമ്മാണം ദ്രുതഗതിയിൽ നടക്കുകയാണെന്നും കെയ്സ് ടെക്നോളജീസ് പെരുമ്പാവൂരിൽ ആരംഭിക്കുന്ന പി.സി.ബി. മാനുഫാക്ചറിങ് യൂണിറ്റിന്റെ നിർമ്മാണം ഫെബ്രുവരിയിൽ ആരംഭിക്കുമെന്നും പൊതുവിതരണ വകുപ്പുമായി ചേർന്ന് ഏകദേശം 30 കോടി രൂപയുടെ വ്യാവസായിക ഉൽപന്നങ്ങൾ കെ-സ്റ്റോർവഴി വിൽക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും അങ്കമാലി ഗ്ലോബൽ സിറ്റി പദ്ധതിക്ക് അഹമ്മദാബാദ് ഗിഫ്റ്റ് സിറ്റിയുടെ സ്റ്റാറ്റസ് ലഭ്യമാക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർഥിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

8 (*32) <u>മാരിടൈം മേഖലയിലെ വികസനം</u>

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) നൽകിയ മറുപടിയിൽ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ദേശീയ-അന്താരാഷ്ട്ര മാരിടൈം മേഖലയുടെ വളർച്ചയ്ക്ക് ആക്കംകൂട്ടുമെന്നും ഒന്നാംഘട്ടത്തിൽത്തന്നെ വിഴിഞ്ഞം തുറമുഖത്തെ ഒരു പ്രധാന വാണിജ്യ- ലോജിസ്റ്റിക് മാരിടൈം വ്യവസായ മേഖലയാക്കിമാറ്റി തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള കേന്ദ്രമായി വികസിപ്പിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങളും നിക്ഷേപാന്തരീക്ഷവും സൃഷ്ടിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ വികസന സാധ്യതകൾ മുന്നിൽക്കണ്ട് കിൻഫ്ര പുതിയ പാർക്കുകൾ

നിർമ്മിക്കാൻ തീരുമാനിക്കുകയും ഇതിനായി കാട്ടാക്കട, നെയ്യാറ്റിൻകര താലൂക്കുകളിൽനിന്നും ഭൂമിയേറ്റെടുക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിവരികയുമാണ്. ലോജിസ്റ്റിക് മേഖലയിൽ കൂടുതൽ സംരംഭകരെ ആകർഷിക്കാൻ ലാൻഡ് അലോട്ട്മെന്റ് നയം പുതുക്കുകയും കിൻഫ്ര വ്യവസായ പാർക്കുകളിലും മൾട്ടി മോഡൽ ലോജിസ്റ്റിക് പാർക്കുകളിലും ലോജിസ്റ്റിക് പ്രവർത്തനങ്ങൾക്കും വെയർഹൗസിങ്ങിനുംവേണ്ടി ഒരുപരിധി നിശ്ചയിച്ച് ഭൂമി അലോട്ട് ചെയ്യുന്നതിനായി പുതുതായിവരുന്ന കിൻഫ്ര പാർക്കുകളിൽ ഒരു നിശ്ചിത ശതമാനം ഭൂമി മാറ്റിവയ്ക്കാൻ തീരുമാനിക്കുകയും യഥാർഥ അലോട്ടിക്ക് അവർ നിർമ്മിച്ച കെട്ടിടഭാഗങ്ങൾ മറ്റ് ഓപ്പറേറ്റർമാർക്ക് സബ്‌ലീസ് ചെയ്യാനുള്ള അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ലോജിസ്റ്റിക് മേഖലയെ സഹായിക്കാൻ സർക്കാർ ഒരു പുതിയ ലോജിസ്റ്റിക് പാർക്ക് പോളിസിക്ക് രൂപംനൽകിയിട്ടുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം കേന്ദ്രീകരിച്ചുള്ള ഔട്ടർ റിങ് റോഡ്, ഔട്ടർ ഏര്യ ഗ്രോത്ത് കോറിഡോർ, വിഴിഞ്ഞം- പുനലൂർ- കൊല്ലം വളർച്ചാത്രികോണം തുടങ്ങിയ പദ്ധതികൾ നടപ്പാക്കൽ ഘട്ടത്തിലേക്ക് കടക്കുകയും തുറമുഖത്തിന്റെ 15 കിലോമീറ്റർ ചുറ്റളവിൽ Multi-Modal Logistics Park, Container Freights Stations (CFSs), വെയർഹൗസുകൾ, കോൾഡ് ചെയിൻ സൗകര്യങ്ങൾ, Free Trade & Warehousing Zone (FTWZ) തുടങ്ങിയ ലോജിസ്റ്റിക് അടിസ്ഥാന സൗകര്യങ്ങൾക്കുള്ള ഭൂമികണ്ടെത്തൽ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നുണ്ട്. IOCL സഹകരണത്തോടെ ബങ്കറിങ് സേവനങ്ങൾ ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണെന്നും കേരള മാരിടൈം ബോർഡിന് കീഴിലുള്ള കൊല്ലം, ബേപ്പൂർ തുറമുഖങ്ങൾ സ്വകാര്യപങ്കാളിത്തത്തോടെ വികസിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണെന്നും കേന്ദ്ര തുറമുഖ നിയമം,

2025 നിലവിൽ വരുന്നത് സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്ക് മാരിടൈം കേസുകൾ കൈകാര്യം ചെയ്യുന്നതിനുള്ള പരാതി പരിഹാര കമ്മിറ്റി (Dispute Resolution Committee) രൂപീകരിക്കുന്നതാണെന്നും വിഴിഞ്ഞം തുറമുഖത്തിലേക്കുള്ള അപ്രോച്ച് റോഡ് ഫെബ്രുവരിയിൽ ഗതാഗതയോഗ്യമാകുമെന്നും റിങ് റോഡ് നിർമ്മാണത്തിനുള്ള ഭൂമിയേറ്റെടുക്കൽ പൂർത്തീകരിച്ചുവരികയാണെന്നും റെയിൽവേ കണക്റ്റിവിറ്റിക്കുള്ള ഭൂമിയേറ്റെടുക്കലിനായി 1482 കോടി രൂപ നീക്കിവച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. കോവളം, വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ ബന്ധിപ്പിച്ച് കേന്ദ്രീകൃത ചരക്കുഗതാഗതത്തിന് രൂപംനൽകുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരികയാണ്. MSC ELSA3 കണ്ടെയ്നർ കപ്പലിന്റെ അവശിഷ്ടങ്ങൾ കടലിൽനിന്നും നീക്കംചെയ്യുന്നതും സംസ്ഥാനത്തിന് നഷ്ടപരിഹാരം ലഭ്യമാക്കുന്നതും സംബന്ധിച്ച് കേന്ദ്ര ഷിപ്പിങ് മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. തുറമുഖ വകുപ്പിന് കീഴിലുള്ള നിഷ്ക്രിയ ആസ്തികൾ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും നീണ്ടകര മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനം ആരംഭിക്കാൻ താൽപര്യപത്രം ക്ഷണിച്ചിട്ടുണ്ടെന്നും മഞ്ചേശ്വരത്ത് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നത് നിലവിൽ പരിഗണനയിലില്ലെന്നും മലപ്പുറം, കോഴിക്കോട് ജില്ലകളുടെ അതിർത്തി പ്രദേശത്ത് ലോജിസ്റ്റിക്സ് പാർക്ക് സ്ഥാപിക്കുന്ന കാര്യം ഭാവിയിൽ ആലോചിക്കുമെന്നും മലബാർ അന്താരാഷ്ട്ര ഗ്രീൻഫീൽഡ് തുറമുഖത്തിന്റെ പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റ് അംഗീകരിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

9 (*33) കേന്ദ്രാവഗണനമൂലമുള്ള സാമ്പത്തിക സ്ഥിതിവിശേഷം തരണം ചെയ്യാൻ നടപടി

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസായ കേന്ദ്ര നികുതി വിഹിതം ഓരോ ധനകാര്യ കമ്മിഷൻ അവാർഡിലും കുറഞ്ഞുവരികയാണെന്നും പന്ത്രണ്ടാം ധനകാര്യ കമ്മിഷനുമായി താരതമ്യം ചെയ്യുമ്പോൾ പതിനഞ്ചാം ധനകാര്യ കമ്മിഷൻ കാലയളവിൽ തദ്ദേശ ഗ്രാന്റിനത്തിലുള്ള വിഹിതത്തിൽ ഏറ്റവും കൂടുതൽ നഷ്ടം കേരളത്തിനാണെന്നും കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെയുള്ള വിവിധ കേന്ദ്ര പദ്ധതികൾക്കായി ഗ്രാന്റിനത്തിൽ ലഭ്യമാകുന്ന തുക ഗണ്യമായി കുറഞ്ഞിട്ടുള്ളതായും സഭയെ അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം സമയബന്ധിതമായി നൽകിയും സാങ്കേതിക നടപടിക്രമങ്ങൾ പൂർത്തിയാക്കിയും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള തുക നേടിയെടുക്കാൻ പദ്ധതി നിർവഹണം നടത്തുന്ന വകുപ്പുസെക്രട്ടറിമാരുടെ തലത്തിൽ ത്വരിതനടപടി സ്വീകരിച്ചുവരുന്നതിനുപുറമെ മുഖ്യമന്ത്രിയും വകുപ്പുമന്ത്രിമാരും കേന്ദ്രമന്ത്രിമാരുമായി നേരിട്ട് ആശയവിനിമയം നടത്തുകയും ചെയ്യുന്നുണ്ട്. ജനസംഖ്യ നിയന്ത്രണ നടപടികൾ കാര്യക്ഷമമായി നടപ്പാക്കിയതും വികസന നേട്ടങ്ങൾ ആർജ്ജിച്ചതും കേന്ദ്ര ഡിവിസിബിൾ പൂളിൽനിന്നുള്ള നികുതി വിഹിതം കുറയാൻ കാരണമായിട്ടുണ്ട്. കേന്ദ്ര നികുതി വിഹിതം സംസ്ഥാനങ്ങൾക്ക് വിഭജിച്ച് നൽകിയതിനുശേഷവും കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കുമിടയിൽ നിലനിൽക്കുന്ന വെർട്ടിക്കൽ ഫിസ്കൽ ഇംബാലൻസ് പരിഹരിക്കാൻ ഡിവിസിബിൾ പൂളിന്റെ ഏറ്റവും കുറഞ്ഞത് അമ്പത് ശതമാനമെങ്കിലും സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കണമെന്നുള്ള വ്യക്തമായ വാദങ്ങളും മറ്റു സംസ്ഥാനങ്ങളുടെ നികുതി വിഹിതത്തിൽ കാര്യമായ മാറ്റംവരാതെ കേരളത്തിന് മെച്ചപ്പെട്ട

വിഹിതം ലഭിക്കുന്നതിനായി സംസ്ഥാനങ്ങൾക്കിടയിലുള്ള തിരശ്ചീന നികുതി വിഭജനത്തിനായി (Horizontal Devolution) സ്വീകരിക്കേണ്ട മാനദണ്ഡങ്ങളും ഉൾക്കൊള്ളിച്ചുള്ള നിവേദനം പതിനാറാം കേന്ദ്ര ധനകാര്യ കമ്മിഷന് സമർപ്പിച്ചിട്ടുണ്ട്. നികുതി പിരിവ് ഊർജിതമാക്കിയും ചെലവുകൾക്ക് മുൻഗണന നിശ്ചയിച്ചും മിതത്വംപാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പാക്കിയും ലഭ്യമായ സാമ്പത്തിക സ്രോതസ്സുകൾ ഫലപ്രദമായി വിനിയോഗിച്ചും സാമ്പത്തിക സുസ്ഥിരത കൈവരിച്ച് വികസന-ക്ഷേമ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടാൻ സർക്കാർ ശ്രമിക്കുന്നുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. 2020-21-ൽ 38.47 ശതമാനമായിരുന്ന കടബാധ്യത 2024-25-ൽ 34.87 ശതമാനമായും 2015-16- ൽ 5.61 ലക്ഷം കോടി രൂപയായിരുന്ന കേരളത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനം 2024-25- ൽ 12.49 ലക്ഷം കോടി രൂപയായും 2016- ൽ 1,64,554 രൂപയായിരുന്ന ആളോഹരി വരുമാനം 2024- ൽ 3,17,723 രൂപയായും വർധിച്ചിട്ടുണ്ടെന്നും സംസ്ഥാനത്തിന്റെ ധന മാനേജ്മെന്റ് മെച്ചപ്പെട്ട നിലയിലാണെന്ന് ആർ.ബി.ഐ.-യുടെ 2024-25 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റുകളെ സംബന്ധിച്ച പഠന റിപ്പോർട്ടും സി.&എ.ജി.യുടെ 2023-24 സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് ഫിനാൻസ് ഓഡിറ്റ് റിപ്പോർട്ടും സൂചിപ്പിക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ജി.എസ്.ടി. റേറ്റ് റാഷണലൈസേഷനിലൂടെ അടുത്ത സാമ്പത്തിക വർഷം സംസ്ഥാനത്തിന് 8000-ത്തോളം കോടി രൂപയുടെ നഷ്ടമുണ്ടാകുമെന്നും റവന്യൂ വരുമാനത്തിന്റെ 75 ശതമാനവും സംസ്ഥാനം സ്വയംകണ്ടെത്തേണ്ട സ്ഥിതിയാണ് നിലവിലുള്ളതെന്നും വിവിധ കേന്ദ്ര പദ്ധതികളിലായി 5600-ലധികം കോടി രൂപ സംസ്ഥാനത്തിന് ലഭിക്കാനുണ്ടെന്നും തൊഴിലുറപ്പ് പദ്ധതിയിൽ വരുത്തിയ മാറ്റം നിമിത്തം 2000 കോടിയോളം രൂപയുടെ അധിക

സാമ്പത്തികബാധ്യതയുണ്ടാകുമെന്ന് കരുതുന്നതായും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

10 (*34) <u>വിലക്കയറ്റം നിയന്ത്രിക്കാൻ നടപടി</u>

ധനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കാൻ സംസ്ഥാനത്തെ പ്രധാനപ്പെട്ട എല്ലാ നഗര, അർദ്ധനഗര, മലയോര, തീരദേശ പ്രദേശങ്ങളിലും ത്രിവേണി സ്റ്റോർ/മൊബൈൽ ത്രിവേണി, നീതി സ്റ്റോറുകൾ എന്നിവ ആരംഭിക്കുകയും പൊതുവിപണിയേക്കാൾ 10% മുതൽ 30% വരെ വിലക്കിഴിവിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നുണ്ടെന്നും സർക്കാർ സബ്സിഡിയോടുകൂടിയുള്ള ഉത്സവകാല വിപണികൾ ആരംഭിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഉപഭോക്തൃ വിലസൂചിക കണക്കാക്കുന്ന ഭക്ഷണവും പാനീയങ്ങളും, മറ്റിനങ്ങൾ എന്നീ രണ്ട് പ്രധാന ഗ്രൂപ്പുകളിലുൾപ്പെട്ട ഉൽപന്നങ്ങളുടെ വിലയിലുണ്ടായ വർധനവാണ് വിലക്കയറ്റത്തിനുള്ള പ്രധാന കാരണമായി സർക്കാർ വിലയിരുത്തുന്നത്. സംസ്ഥാനത്തെ ഉപഭോക്തൃവില സൂചികയിലെ പലവക വിഭാഗത്തിലെ വ്യക്തിഗത പരിചരണം ഗ്രൂപ്പിലുൾപ്പെട്ട സ്വർണ്ണത്തിന്റെയും വെള്ളിയുടെയും വിലവർധനവും കേരളത്തിലെ പണപ്പെരുപ്പ നിരക്ക് കുത്തനെ ഉയരുന്നതായി കണക്കുകളിൽ കാണപ്പെടാൻ ഇടയാക്കുന്നുണ്ടെന്നും വെളിച്ചെണ്ണയുടെ വിലവർധനവും നിർമ്മാണ-സേവന മേഖലകളിലുള്ള ഉയർന്ന കൂലിയും മെച്ചപ്പെട്ട ജീവിതസാഹചര്യവും ഉപഭോക്തൃ സംസ്ഥാനമെന്ന രീതിയിലുള്ള വെല്ലുവിളികളും വിലക്കയറ്റത്തിന് കാരണമായിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സപ്ലൈകോ വില്പനശാലകൾ മുഖേന സബ്സിഡി നിരക്കിൽ വെളിച്ചെണ്ണ ലഭ്യമാക്കുകയും സാധാരണ നൽകുന്ന സബ്സിഡി അരിക്കുപുറമെ ഓണക്കാലം മുതൽ കാർഡൊന്നിന് 25 രൂപ

നിരക്കിൽ 20 കിലോ അരി നൽകുകയും ചെയ്യുന്നുണ്ട്. ഓണക്കാലത്ത് വെള്ള, നീല, പിങ്ക് കാർഡുടമകൾക്ക് യഥാക്രമം 15, 10, 5 കിലോഗ്രാം വീതം അരി 10.90 രൂപ നിരക്കിൽ റേഷൻ കടകൾവഴി നൽകിയിട്ടുണ്ട്. ഓണം ഗിഫ്റ്റ് പദ്ധതി, സമൃദ്ധി കിറ്റ്, മിനി സമൃദ്ധി കിറ്റ്, സിഗ്നേച്ചർ കിറ്റ്, FMCG ഓഫറുകൾ, താഴ്ന്ന വരുമാനമുള്ളവർക്കും ഇടത്തരക്കാർക്കും സബ്സിഡി/നോൺ-സബ്സിഡി ഉൽപന്നങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുക തുടങ്ങി വിവിധ പദ്ധതികൾ സപ്ലൈകോ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടെന്നും കൃഷി വകുപ്പ് 2000 കർഷക ചന്തകളിലൂടെ സംഭരണ വിലയെക്കാൾ പത്ത് ശതമാനം അധികവില നൽകി കർഷകരിൽനിന്ന് സംഭരിച്ച പഴങ്ങളും പച്ചക്കറികളും പൊതുവിപണിയെക്കാൾ മുപ്പത് ശതമാനം വിലകുറച്ച് ലഭ്യമാക്കിയെന്നും മന്ത്രി അറിയിച്ചു. വിലക്കയറ്റം തടയാൻ സിവിൽ സപ്ലൈസ് വകുപ്പിൽ ചീഫ് സെക്രട്ടറി അധ്യക്ഷനായി സംസ്ഥാനതല കമ്മിറ്റി രൂപീകരിക്കുകയും ഭക്ഷ്യ പൊതുവിതരണ വകുപ്പിലെ ജില്ല/താലൂക്കുതല ഉദ്യോഗസ്ഥർ പൊതുവിപണിയിൽ പരിശോധന നടത്തി ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിക്കുകയും ഉത്സവ സീസണുകളിൽ ലീഗൽ മെട്രോളജി, ഭക്ഷ്യ സുരക്ഷാ വകുപ്പ്, പോലീസ് എന്നീ വകുപ്പുകളുമായി ചേർന്ന് പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പൊതുവിപണിയിൽ പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്. വിപണിയിടപെടലിന് സപ്ലൈകോയ്ക്ക് നൽകുന്ന തുകയിൽ വർധനവ് വരുത്തിയിട്ടുണ്ടെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

- - - - - - - - - -